**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 560** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കടമക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ ശ്രീ. വി. ഡി. സതീശൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി 1.30 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിട്ടുള്ളതും കരാർ വച്ചിട്ടുള്ളതുമായ കടമക്കുടി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കിഫ്ബി 1.30 കോടി രൂപ ഫണ്ട് അനുവദിച്ച് കില മുഖേന നടപ്പിലാക്കുന്ന ഗവ വൊക്കേഷണൽ ഹയർ സെകേണ്ടറി സ്കൂൾ കടമക്കുടി എന്ന പ്രവൃത്തി 03-09-2025 തീയതിയിൽ കരാർ ഒപ്പ് വച്ച് പദ്ധതി നിർവ്വഹണ ഏജൻസിയായ കില, കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി എസ്റ്റിമേറ്റ് തുകയിൽ നിന്നും 6.97% കൂടിയ നിരക്കിൽ ആണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്. ആയത് പ്രകാരം അധികമായി 9 ലക്ഷം രൂപ ആവശ്യമായി വരുകയും ടി തുക MLA ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന് കാണിച്ച ബഹു - MLA ക്ക് 20-11-2025 തീയതിയിൽ പദ്ധതി നിർവ്വഹണ ഏജൻസി കത്ത് നല്കിയിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തിക്ക് അധികം വരുന്ന തുക MLA ഫണ്ടിൽ നിന്നും ലഭ്യമാക്കാനാവില്ലെന്ന് ബഹു. എം.എൽ.എ 03-12-2025 തീയതിയിൽ അറിയിച്ചതു പ്രകാരം ടി പ്രവൃത്തിയുടെ സ്കോപ്പ് കുറച്ച് ഒന്നാം നിലയിൽ ഉള്ള ക്ലാസ് മുറി ഒഴിവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ക്ലാസ് മുറി ഒഴിവാക്കി നിർമ്മാണ നടപടികൾ ആരംഭിക്കുന്നതിന് സ്കൂൾ അധികൃതരിൽ നിന്നും കത്തും 15-12-2025 തീയതിയിലെ പി.റ്റി.എ മിനിട്ട്സും ലഭ്യമായിട്ടുണ്ട്. അപ്രകാരം പുതുക്കിയ ഡ്രോയിംഗ്സ് തയ്യാറാക്കി വരുകയാണ്.

**(ബി)** പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഡ്രോയിംഗ്സ് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ നിർമ്മാണം എഗ്രിമെന്റ് പ്രകാരമുള്ള കാലാവധിൽ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**